57 (57) പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ കൈപ്പറ്റിയിട്ടുള്ള തുക

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിയമിച്ച പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാനും അംഗങ്ങളിൽ ഓരോരുത്തരും ശമ്പളം, ടി.എ., ഡി.എ., എന്നീ ഓരോ ഇനങ്ങളിലും എന്തു തുകവീതം കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതുവരെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ വൈസ് ചെയർമാൻ എന്തു തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വൈസ്ചെയർമാന് ഫ്രീക്വാർട്ടേഴ്സ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക എത്രയാണ്;

(ഇ) ഈ കെട്ടിടത്തിന് വൈദ്യുതി ചാർജ്ജിനത്തിൽ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)മുതൽ (ഇ)വരെ വിവരം ശേഖരിച്ച് വരുന്നു.

58 (58) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവ്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.8.1998-ലെ ജി.ഒ.എം.എസ്.55/98/വിജി ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പിൽ സ്ഥലം മാറ്റത്തിനും തസ്തിക കൾ മാറ്റുന്നതിനും നോംസ് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് വിരുദ്ധമായി സ്ഥലം മാറ്റങ്ങളും തസ്തിക മാറ്റ ങ്ങളും നടത്തിയിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് തുടങ്ങിയ തസ്തികകൾ കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് ഗവൺമെന്റിന്റെ അനുമതി വാങ്ങിയിരുന്നോ;

(ഡി) നോംസിന് വിരുദ്ധമായ ഈ നടപടികൾ റദ്ദാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ മിനിസ്റ്റീരി യൽ വിഭാഗം ജീവനക്കാരെ സ്ഥലം മാറ്റുന്നതിനുള്ള നോംസ് നിശ്ചയിച്ചി ട്ടുണ്ട്. തസ്തിക മാറ്റുന്നതിനുള്ള നോംസ് നിശ്ചയിച്ചിട്ടില്ല.

(ബി) വ്യവസ്ഥകൾക്ക് വിധേയമായും ജീവനക്കാർക്ക് സൗകര്യപ്രദ മായും വകുപ്പിന്റെ പ്രവർത്തനത്തിന് സുഗമമായ രീതിയിലുമാണ് സ്ഥലംമാറ്റ ങ്ങൾ നടത്തിയിട്ടുള്ളത്. തസ്തികമാറ്റം 24.4.1962-ലെ ജി.ഒ.(പി)നമ്പർ 248 (പ ബ്ലിക് മിസലേനിയസ് വകുപ്പ്) അനുസരിച്ചാണ് നടത്തിയിട്ടുള്ളത്.

(സി)&(ഡി) 24.4.1962-ലെ ജി.ഒ.(പി)നമ്പർ 248 അനുസരിച്ച് വകുപ്പു മേധാവികൾക്കുള്ള അധികാരം ഉപയോഗിച്ചാണ് തസ്തിക മാറ്റങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly